പതിമൂന്നാം കേരളനിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3750 — 17.12.2015 ൽ മറുപടിക്ക്

## സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.പി.ജയരാജൻ<br>,, കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീമതി.കെ.കെ.ലതിക<br>ശ്രീ.ബി.ഡി. ദേവസ്സി | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയാൻ നിയമം നിർമ്മിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾക്കെതിരെ രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ എണ്ണത്തിൽ നേരിയവർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് പൊതുവേ സ്ത്രീകൾക്കുനേരെ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഗാർഹികവും സമൂഹത്തിന്റെ മറ്റുതലങ്ങളിൽ നിന്നുമുള്ള അക്രമ പ്രവർത്തനങ്ങളും, സ്വകാര്യതയ്ക്കും അന്തസ്സിനും ഭംഗം വരുത്തുന്ന തരത്തിലുള്ള മറ്റു പെരുമാറ്റങ്ങളും സ്ത്രീകളുടെ സ്വകാര്യതയേയും അന്തസ്സിനേയും ബാധിക്കുന്നതിനാൽ സ്ത്രീകൾക്ക് പ്രത്യേക സംരക്ഷണം നൽകുന്നതിനുള്ള ഒരു നിയമനിർമ്മാണത്തെക്കുറിച്ച് സർക്കാർ തീരുമാനിക്കുകയും 2013 ലെ കേരള വനിതകളുടെ സ്വകാര്യതയും അന്തസ്സും സംരക്ഷണ ബിൽ 13-ാം കേരള നിയമസഭയിൽ ബിൽ നം. 183 ആയി പ്രസിദ്ധീകരിക്കുകയും 7-ാം സമ്മേളനത്തിൽ 14.02.2013 ൽ നിയമസഭയിൽ അവതരിപ്പിക്കുകയും ബിൽ ഇപ്പോൾ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച നിയമസഭാ വിഷയ നിർണ്ണയ സമിതിയുടെ പരിഗണനയിൽ ഇരിക്കുന്നതുമാണ്. |

(ബി) ബലാത്സംഗം, ലൈംഗികാതിക്രമങ്ങൾ എന്നിവയിലുണ്ടായിരിക്കുന്ന വർദ്ധന മുൻവർഷങ്ങളെ അപേക്ഷിച്ച് എത്ര ശതമാനമാണ്; വിശദമാക്കുമോ;

(ബി) 2013 വർഷത്തെ അപേക്ഷിച്ച് 2014 ൽ ബലാൽസംഗകേസുകളുടെ എണ്ണത്തിൽ 5% വും, ലൈംഗികാതിക്രമകേസുകളുടെ എണ്ണത്തിൽ 4% വർദ്ധനവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കാനുള്ള പ്രഖ്യാപനങ്ങൾ നടപ്പിലാക്കാൻ ശ്രമിക്കുമോ; പൊതു സ്ഥലങ്ങളിൽ സ്ത്രീകൾ ആക്രമിക്കപ്പെടുന്നത് പ്രതിരോധിക്കാനുള്ള സംവിധാനത്തിന്റെ പ്രവർത്തനം ദുർബലമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(സി) ഇത്തരം ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്ത്രീകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾആഭ്യന്തരവകുപ്പ് ഫലപ്രദമായി നടപ്പിലാക്കിവരുന്നുണ്ട്.

(ഡി) കാണാതായതും നാളിതുവരെ കണ്ടെത്താൻ സാധിച്ചിട്ടില്ലാത്തതുമായ സ്ത്രീകളുടെയും കുട്ടികളുടെയും എണ്ണം എത്ര; ഈ സർക്കാരിന്റെ കാലയളവിൽ ഇതിനകം എത്ര സ്ത്രീകളും കുട്ടികളും ലൈംഗീകാതിക്രമങ്ങൾക്കിരയായിട്ടുണ്ട്; വ്യക്തമാക്കുമോ?

(ഡി) ഈ സർക്കാരിന്റെ കാലത്ത് കാണാതായ സ്ത്രീകൾ 14908 എണ്ണവും കാണാതായ കുട്ടികൾ 5080 എണ്ണവും ആണ്. ഇതിൽ 723 സ്ത്രീകളെയും 181 കുട്ടികളെയും ഇനിയും കണ്ടെത്താനുണ്ട്. ഈ സർക്കാരിന്റെ കാലത്ത്സ്ത്രീകൾക്കെതിരെ 23340 ഉം കുട്ടികൾക്കെതിരെ 4865 ഉം ലൈംഗികാതിക്രമങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

Rajani.M

സെക്ഷൻ ഓഫീസർ